**കേരള ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡയറക്ടറുടെ നടപടി ക്രമ ഉത്തരവ്**

**ഹാജർ: പി പ്രമോദ്,B-Tech,LLB**

വിഷയം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്- **G S CONSTRUCTIONS SADALAYAM,THODIYOOR NORTH P O,VENGARA,KARUNAGAPPALLY-690523** എന്ന സ്ഥാപനത്തിന്റെ **CLASS II Boiler Repair/erector** കോംപീറ്റൻസി സർട്ടിഫിക്കറ്റിലെ മേൽവിലാസം, ഫോൺ നമ്പർ, ഇ മെയിൽ ഐഡി എന്നിവ ഭേദഗതി ചെയ്ത നടപടി റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

**ഉത്തരവ് നമ്പർ: DFB/879/2025-T2, തിയതി:31-07-2025**

1. **Regn.No.KL/IBR/RE/0020/2021**, തിയതി **11-11-2024**, **M/s G S CONSTRUCTIONS** എന്ന സ്ഥാപനത്തിന് അനുവദിച്ചു നൽകിയ **CLASS II Boiler Repair/erector** കോംപീറ്റൻസി സർട്ടിഫിക്കറ്റ്.

2. **21/03/2025** തിയതി ശ്രീ മുരളീധരൻ പിള്ള നൽകിയ പരാതി

3. **08/04/2025** തിയതി ശ്രീ ബിജു എസ് നൽകിയ നൽകിയ പരാതി

4. **08/07/2025** തിയതി ഈ കാര്യാലയത്തിൽ നടത്തിയ ഹിയറിങ്.

5 ശ്രീ മുരളീധരൻ പിള്ള ഹാജരാക്കിയ **G S CONSTRUCTION** എന്ന പേരിൽ **29/11/2024** തിയതി **GST** വകുപ്പ് നൽകിയ **GST** രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

6. ശ്രീ ബിജു എസ് ഹാജരാക്കിയ **G S CONSTRUCTIONS** എന്ന പേരിൽ **07/04/2025** തിയതി **GST** വകുപ്പ് നൽകിയ **GST** രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

7. **GST** വകുപ്പിൽ നിന്നും ലഭിച്ച രജിസ്ട്രേഷൻ വിവരങ്ങൾ.

മേൽ പരാമർശം **(1)** പ്രകാരം **G S CONSTRUCTIONS** എന്ന സ്ഥാപനത്തിന് **Indian Boiler Regulations,1950** ലെ **(Regulation 392(3)Sub Rule II) CLASS II Boiler Repair/erector** കോംപീറ്റൻസി സർട്ടിഫിക്കറ്റ് **2010** ൽ രജിസ്റ്റർ ചെയ്ത് ടി ഓഫീസിൽ നിന്നും എല്ലാവർഷവും പുതുക്കി നൽകിയിട്ടുള്ളതാണ്. ശ്രീ ബിജു സദാശിവൻ, പ്രൊപറൈറ്റർ ആയിട്ടുള്ള **G S CONSTRUCTIONS SADALAYAM,THODIYOOR NORTH P O,VENGARA,KARUNAGAPPALLY-690523** എന്ന മേൽവിലാസത്തിൽ ആണ് സർട്ടിഫിക്കറ്റ് പുതുക്കി നൽകിയിട്ടുള്ളത്. നിലവിൽ പുതുക്കി നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിനു **22-11-2024** മുതൽ **21-11-2026** വരെ കാലാവധിയുണ്ട്.

മേൽ പരാമർശം **(2)** പ്രകാരം ശ്രീ മുരളീധരൻ പിള്ള എന്ന വ്യക്തി ടി കാര്യാലയത്തിൽ നേരിട്ടെത്തി മേൽ സ്ഥാപനത്തിന്റെ പ്രൊപറൈറ്റർ ആയ ശ്രീ ബിജു എസിനെതിരെ പരാതി നൽകുകയുണ്ടായി. **2015** ൽ ശ്രീ ബിജു എസ് യുമായി ചേർന്ന് **G S CONSTRUCTIONS** എന്ന പാർട്ണർഷിപ്സ്ഥാപനം തുടങ്ങിയിരുന്നുവെന്നും, എന്നാൽ **2018** ൽ ശ്രീ ബിജു എസ് പാർട്ണർഷിപ് ഡീഡിൽ നിന്നും സ്വമേധയാ പിന്മാറിയതിനാൽ നിലവിൽ ടിയാൾക് ടി സ്ഥാപനവുമായി ഒരു ബന്ധവും ഇല്ലായെന്നും ആയതിനാൽ മേൽ പരാമർശം **(1)** പ്രകാരം അനുവദിച്ച സർട്ടിഫിക്കറ്റിലെ മേൽവിലാസം മാറ്റി **G S CONSTRUCTIONS, KULANGARAYIL THODIYOOR NORTH P O,VENGARA,KARUNAGAPPALLY-690523** എന്നാക്കി മാറ്റുന്നതിനായും നിലവിലെ ഇമെയിൽ ഐഡിയും മൊബൈൽ നമ്പറും മാറ്റി പുതിയത് നൽകണമെന്നും പരാതിയിൽ ആവശ്യപെട്ടു. തെളിവായി **2015** ലെ പാർട്ണർഷിപ് ഡീഡ്, **2018** ലെ **ADMISSION CUM RETIREMENT PARTNERSHIP DEED, GST** രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, **G S CONSTRUCTION** എന്ന പേരിൽ ശ്രീ ബിജു എസ് ന്റെ പേരിൽ ഉള്ള **GST** രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി. ടിയാൽ ഹാജരാക്കിയ തെളിവുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഉള്ള മേൽവിലാസം, ഇമെയിൽ ഐഡിയും മൊബൈൽ നമ്പറും മാറ്റി പുതിയത് നൽകുകയും മേൽ പരാമർശം **(1)** പ്രകാരംഅനുവദിച്ചുനൽകിയ കോംപീറ്റൻസി സർട്ടിഫിക്കറ്റിൽ മേൽവിലാസത്തിൽ മാറ്റം വരുത്തുകയും ചെയ്തു.

എന്നാൽ മേൽ പരാമർശം **(3)** പ്രകാരം ശ്രീ ബിജു എസ് **G S CONSTRUCTIONS** എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും മേൽവിലാസം സംബന്ധിച്ചും വകുപ്പിന് നേരിട്ട് പരാതി നൽകി. തൻ്റെ അച്ഛൻ ജി സദാശിവൻ നേരത്തെതന്നെ ആരംഭിച്ചതും പിന്നീട് വകുപ്പിൽനിന്നും **2010**ൽ അനുവദിച്ച കോംപീറ്റൻസി സർട്ടിഫിക്കറ്റ് **G S CONSTRUCTIONS** എന്ന **Proprietorship** സ്ഥാപനത്തിന്നാണെന്നും, ആ സ്ഥാപനത്തിന്റെ

മേൽവിലാസം G S CONSTRUCTIONS SADALAYAM,THODIYOOR NORTH P O,VENGARA,KARUNAGAPPALLY-690523 എന്നാണെന്നും, 2010 മുതൽ നാളിതു വരെ താൻ ടി മേൽവിലാസത്തിൽ കോംപീറ്റൻസി സർട്ടിഫിക്കറ്റ് പുതുക്കുന്നുണ്ടെന്നും, G S CONSTRUCTIONS, J V C Plaza, Near K S R T C bus stand KARUNAGAPPALLY എന്ന 2015 ലെ പാർട്ണർഷിപ് സ്ഥാപനത്തിന് പ്രസ്തുത ബോയ്‌ലേർ ഏറെക്ടർ/ റിപ്പയറിനായി IBR പ്രകാരം വകുപ്പിൽ 2010 ൽ രജിസ്റ്റർ ചെയ്ത സ്ഥാപനവുമായി ബന്ധമില്ല എന്നും, മറ്റു കോൺട്രാക്ട് വർക്കുകൾ ചെയ്യാൻ വേണ്ടിയാണു ശ്രീ മുരളീധരൻ പിള്ളയുമായി ചേർന്ന് 2015ൽ മറ്റൊരു Partnership Firm തുടങ്ങിയതെന്നും അറിയിച്ചു. തെളിവായി ശ്രീ ബിജു എസ് പ്രൊപ്രൈറ്റർ ആയി 2015 ൽ വകുപ്പ് അനുവദിച്ചു നൽകിയ കോംപീറ്റൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തു.

മേൽ പരാമർശം (4) പ്രകാരം മുൻകൂട്ടി കത്ത് നൽകി പരാതിക്കാരായ രണ്ടുപേരോടും 08/07/2025 തിയതി ഹാജരാകാൻ ആവിശ്യപ്പെടുകയും ആയതു പ്രകാരം ബഹു ഡയറക്ടറുടെ ചേമ്പറിൽ ഹിയറിങ്ങിനു ഹാജരാക്കുകയും ചെയ്തു. രണ്ടുപേരുടെയും വാദങ്ങൾ പൂർണ്ണമായും കേൾക്കുകയും, കൈവശം ഉള്ള തെളിവുകൾ നൽകാൻ ആവിശ്യപെടുകയും ചെയ്തിരുന്നു. ഇതിൽ പ്രധാനമായും ശ്രീ മുരളീധരൻ പിള്ള ആരോപിച്ചിരുന്നത് 2024 ൽ തന്റെ സ്ഥാപനത്തിന്റെ പേരിനോട് സാമ്യമുള്ള G S CONSTRUCTION എന്ന പേരിൽ ശ്രീ ബിജു എസ് സ്വന്തമായി ഒരു സ്ഥാപനം തുടങ്ങി അതെ പേരിൽ മേൽ പരാമർശം (5) പ്രകാരം GST രജിസ്ട്രേഷൻ എടുക്കുകയും ചെയ്തുവെന്നും പല സ്ഥാപനങ്ങളെയും തെറ്റി ധരിപ്പിച് വർക്കുകൾ സ്വന്തമാക്കിയെന്നും, ബില്ലുകൾ നൽകിയത് തന്റെ സ്ഥാപനത്തിന്റെ പേരിലും ബില്ലിലെ GST രജിസ്ട്രഷൻ നമ്പർ മേൽ പരാമർശം (5) ലെതാണ് എന്നാണ്. എന്നാൽ ടി ആരോപണങ്ങൾ ശ്രീ ബിജു എസ് പൂർണ്ണമായും തള്ളി, ഹാജരാക്കിയ ബില്ലുകൾ കൃത്യമം ആണെന്നും, G S CONSTRUCTION എന്ന പേരിൽ 2024 ൽ താൻ ഒരു സ്ഥാപനവും തുടങ്ങിയിട്ടില്ല എന്നും മേൽ പരാമർശം (5) പ്രകാരം GST രജിസ്ട്രേഷൻ എടുത്തിട്ടില്ലായെന്നും, മേൽ പരാമർശം (6) പ്രകാരം ഉള്ള GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തു.

രണ്ടുപേരും ഹാജരാക്കിയ GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചു. അതിൽ ഒരേ GST രജിസ്ട്രേഷൻ നമ്പറിൽ G S CONSTRUCTION എന്ന പേരിലും G S CONSTRUCTIONS എന്ന പേരിലും GST വകുപ്പ് അനുവദിച്ച വത്യസ്ത സർട്ടിഫിക്കറ്റ് ശ്രദ്ധയിൽപെട്ടു. ആയതിന്റെ ആധികാരികത GST വകുപ്പിന്റെ വെബ്സൈറ്റ് മുഖേന പരിശോധിച്ചതിൽ G S CONSTRUCTIONS എന്ന സ്ഥാപനത്തിന്റെ പേരിൽ മാത്രമാണ് രജിസ്റ്റർ ചെയ്ത് GST നമ്പർ നൽകിയിരിക്കുന്നത് എന്ന് മനസിലാക്കാൻ സാധിച്ചു. മാത്രമല്ല ഇവർ ഹാജരാക്കിയ 2015 ലെ പാർട്ണർഷിപ് ഡീഡ് പരിശോധിച്ചു അതിൽ ബോയ്‌ലേർ ഏറെക്ടർ/ റിപ്പയർ എന്ന ജോലിയെ കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതും ടി ഓഫീസിൽ നാളിതുവരെ ഹാജരാക്കിയ പ്രമാണങ്ങൾ പരിശോധിച്ചതിൽ G S CONSTRUCTIONS എന്ന പാർട്ണർഷിപ് ഡീഡ് ഹാജരാക്കി രജിസ്റ്റർ ചെയ്തതായോ പുതുക്കിനൽകിയതായോ കാണുന്നില്ല. മാത്രമല്ല പാർട്ണർഷിപ് ഡീഡിൽ സൂചിപ്പിക്കുന്ന G S CONSTRUCTIONS, J V C Plaza, Near K S R T C bus stand ,KARUNAGAPPALLY-690523 എന്ന മേൽവിലാസതിലല്ലമറിച്.G.S.CONSTRUCTIONS,SADALAYAM,THODIYOORNORTH(P.O),VENGARA,KARUNAGAPPALLY-690523 എന്ന മേൽവിലാസത്തിലാണ് 2010 മുതൽ നാളിതുവരെ IBR പ്രകാരം വകുപ്പിൽ രജിസ്റ്റർ ചെയ്ത് പുതുക്കിയതായി കാണുന്നു.

മേൽ സാഹചര്യത്തിൽ ഇന്ത്യൻ ബോയിലേർ റെഗുലേഷൻ Regulation 392(8) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച് G.S CONSTRUCTIONS, KULANGARAYIL, THODIYOORNORTH(P.O), VENGARA, KARUNAGAPPALLY -690523 എന്ന പേരിൽ മേൽവിലാസം മാറ്റം വരുത്തിയ നടപടി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.നിലവിൽ ഉള്ള ഇമെയിൽ ഐഡിയും മൊബൈൽ നമ്പറും മാറ്റി പഴയത് നിലനിർത്താനും , മേൽ പരാമർശം (1) പ്രകാരം വകുപ്പ് നൽകിയ G. S CONSTRUCTIONS, SADALAYAM, THODIYOOR NORTH (P. O), VENGARA, KARUNAGAPPALLY -690523 എന്ന മേൽവിലാസത്തിൽ ഉള്ള കോംപീറ്റൻസി സർട്ടിഫിക്കറ്റ് നില നിർത്താനും ഇതിനാൽ ഉത്തരവാകുന്നു.

Signed by P Pramod
Date: 31-07-2025 17:39:34

ഫാക്ടറികളുടെയും ബോയ്‌ലേറുകളുടെയും ഡയറക്ടർ

സ്വീകർത്താവ് : 1. Sri. Muraleedharan Pillai,G S Constructions,Kulangarayil, Vengara, Thodiyoor North P.O, Karunagapally-690523, Email: gsconstructions4@gmail.com,Mob: 9891536929.

2. Biju S,G S Constructions,Sadalayam, Thodiyoor North P.O, Karunagapally- 690523,Email: bijusadalayam@gmail.com, Mob:9048352261.

3. C2 സെക്ഷൻ -BIS ൽ ആവ്ശ്യമായ് ഭേദഗതി വരുത്തുന്നതിനും website ൽ publish ചെയ്യുന്നതിനായി